# പതിനാലാം കേരള നിയമസഭ
## 10-ാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1569 — 07.03.2018-ൽ മറുപടി നൽകേണ്ടിയിരുന്നത്

### സമുദ്ര തീരപ്രദേശത്ത് വീട് നിർമ്മിക്കുവാൻ അനുമതിയ്ക്കുള്ള നടപടിക്രമങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.എം.ഷാജി : | പിണറായി വിജയൻ (മുഖ്യമന്ത്രി) |
| (എ) സമുദ്ര തീരപ്രദേശത്ത് വീട് നിർമ്മിക്കുവാൻ അനുമതിയ്ക്കായി എന്തെല്ലാം നടപടി ആവശ്യമുണ്ട്; സി.ആർ.ഇസഡ് പരിധി എത്രയാണ്; ഈ പരിധിയ്ക്കുള്ളിലാണെങ്കിൽ അനുമതി നൽകുവാനുള്ള കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഗൃഹ നിർമ്മാണത്തിനായി പൂർണ്ണമായി പൂരിപ്പിച്ച അപേക്ഷ, സൈറ്റ് പ്ലാൻ/ബിൽഡിംഗ് പ്ലാൻ (3 പകർപ്പ്) എന്നിവ മറ്റ് അനുബന്ധ രേഖകൾ സഹിതം (തീരദേശവാസി/തദ്ദേശവാസി/ മത്സ്യ ബന്ധന സമൂഹം എന്നത് തെളിയിക്കുന്ന സാക്ഷ്യപത്രം) തദ്ദേശ സ്വയംഭരണാധികാരി മുഖേന KCZMA ക്ക് സമർപ്പിക്കേണ്ടതാണ്. 2011 ലെ തീരദേശ നിയന്ത്രണ വിജ്ഞാപന നിയമം അടിസ്ഥാനമാക്കി അപേക്ഷകൾ ലഭ്യമാക്കുന്നതിന്റെ സീനിയോറിറ്റി പ്രകാരം ടെക്നിക്കൽ റിപ്പോർട്ട് തയ്യാറാക്കുകയും അപേക്ഷകൾ KCZMA മീറ്റിംഗിൽ പരിഗണിക്കുകയും ചെയ്യുന്നു. മിനിട്സിന് അംഗീകാരം ലഭിച്ച ശേഷം ബന്ധപ്പെട്ട കക്ഷികളെ തീരുമാനം അറിയിക്കുന്നു. കടലിൽ നിന്നും 500 മീ. ദൂരം തീരദേശ നിയന്ത്രണമേഖലയാണ്. |

| | |
|---|---|
| | CRZ Clearance നു വേണ്ടി കേരള തീരദേശ പരിപാലന അതോറിറ്റിയിൽ ലഭിക്കുന്ന അപേക്ഷകൾ പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന വകുപ്പിലെ സാങ്കേതിക വിഭാഗം ജീവനക്കാരുടെ സഹായത്തോടെ തീർപ്പാക്കിവരുന്നു. |
| (ബി) കോവളം നിയോജകമണ്ഡലത്തിലെ വിഴിഞ്ഞം, കോവളം, അടിമലത്തുറ, പൂവ്വാർ, പള്ളം, കരുങ്കുളം എന്നീ പ്രദേശങ്ങളിൽ നിന്നുള്ള എത്ര അപേക്ഷകൾ തീർപ്പ് കൽപ്പിക്കുവാനുണ്ട്; | (ബി) തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ അടിസ്ഥാനത്തിലാണ് അപേക്ഷകൾ ക്രോഡീകരിച്ച് സൂക്ഷിച്ചിരിക്കുന്നത്. തിരുവനന്തപുരം കോർപ്പറേഷൻ അധികാരികളിൽ നിന്ന് 01.07.2017 മുതൽ 28.02.2018 വരെ 175 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ഇതിൽ പൂവാറിൽ നിന്നുള്ള 2 അപേക്ഷകൾ ഉൾപ്പെടുന്നു. പ്രസ്തുത അപേക്ഷകളിന്മേൽ അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല. |
| (സി) ഇവർക്ക് അനുമതി ലഭിക്കുവാൻ എത്ര നാൾ കൂടി കാത്തിരിക്കണം; വ്യക്തമാക്കാമോ ? | (സി) അപേക്ഷകൾ ലഭ്യമാകുന്നതിന്റെ സീനിയോറിറ്റിയുടെ അടിസ്ഥാനത്തിലാണ് തീർപ്പാക്കുന്നത്. |

സെക്ഷൻ ഓഫീസർ